# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 452

02.12.2014 ൽ മറുപടിയ്ക്ക്

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ബാങ്കുകളും, സർക്കാരും സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നില നിൽക്കുന്ന വായ്പ ബാധ്യത തുക എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് മുഖേന 01.04.2008 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി നിബന്ധനയിൽ 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുകയും സ്കീമിൽ പരാമർശിച്ചിട്ടുള്ള 5 മാരക രോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പ മുതലിനത്തിൽ പരമാവധി 75,000/- രൂപ എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വായ്പ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധി വരെയുള്ള [ഇപ്പോൾ $1^{1}/_{2}$ ലക്ഷം (ഒന്നര ലക്ഷം) രൂപ മുതലും അതിന്റെ പലിശയും] വായ്പ ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുക എന്നതാണ് "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" യുടെ ഉദ്ദേശ്യ ലക്ഷ്യം. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി |

അധ്യക്ഷനായ കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡാണ്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പക്കാരന് വായ്പാ കാലാവധി അവസാനിക്കുമ്പോൾ 70 വയസ്സിലധികരിക്കാൻ പാടില്ല. തുടർച്ചയായി വായ്പ തിരിച്ചടവിൽ ആറ് മാസത്തിലധികരിച്ച് കുടിശ്ശിക വരുത്താനും പാടില്ല. വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ നൽകുമ്പോൾ വായ്പ തുകയുടെ 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 525/- രൂപയും വായ്പക്കാരൻ വായ്പ തുക കൈപ്പറ്റുമ്പോൾ സഹകരണ സംഘത്തിൽ റിസ്ക് ഫണ്ട് പ്രീമിയമായി (ഒറ്റത്തവണ പ്രീമിയം) അടയ്ക്കേണ്ടതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്, സംഭാവന എന്നിവയും ഉൾപ്പെടുന്ന കോർപസ് ഫണ്ട് ഉപയോഗിച്ചാണ് റിസ്ക് ഫണ്ട് ധനസഹായം നൽകുന്നത്. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി മരണപ്പെട്ട ആളുടെ ആശ്രിതർ ബന്ധപ്പെട്ട സഹകരണ സ്ഥാപനം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കണം. അസുഖം ബാധിച്ചവർ അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധമായ ചികത്സാ രേഖകളും ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതാണ്.

(സി) ഇതിനകം റിസ്ക് ഫണ്ടിനത്തിൽ എന്ത് തുക ആർക്കൊക്കെ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

(സി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡാണ്. റിസ്ക് ഫണ്ട് ധനസഹായം ബോർഡ്, വായ്പക്കാരൻ വായ്പ എടുത്ത സഹകരണ സംഘത്തിനാണ് അനുവദിച്ച് നൽകുന്നത്. ഇപ്രകാരം ലഭിക്കുന്ന ആനുകൂല്യ തുക വായ്പക്കാരന്റെ വായ്പ കണക്കിലേയ്ക്ക് വരവ് വയ്ക്കുന്നത് സഹകരണ സംഘമാണ്. റിസ്ക് ഫണ്ട് ഇനത്തിൽ കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ നിന്നും നാളിതുവരെ അനുവദിച്ച എണ്ണം, തുക സംബന്ധിച്ച വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | വായ്പക്കാരുടെ എണ്ണം | തുക |
|---|---|---|
| തിരുവനന്തപുരം | 657 | 5,48,34,659 |
| കൊല്ലം | 687 | 6,20,43,077 |
| പത്തനംതിട്ട | 313 | 2,45,84,177 |
| ആലപ്പുഴ | 381 | 3,08,27,833 |
| കോട്ടയം | 1195 | 9,29,28,018 |

| | | |
|---|---|---|
| ഇടുക്കി | 826 | 3,83,11,308 |
| എറണാകുളം | 3052 | 18,33,44,931 |
| തൃശ്ശൂർ | 1440 | 10,54,59,163 |
| പാലക്കാട് | 1041 | 6,79,50,067 |
| മലപ്പുറം | 906 | 5,56,78,486 |
| കോഴിക്കോട് | 431 | 3,55,67,547 |
| വയനാട് | 166 | 74,59,128 |
| കണ്ണൂർ | 1979 | 9,32,96,428 |
| കാസറഗോഡ് | 660 | 2,89,61,617 |
| **ആകെ** | **13734** | **88,12,46,439** |

നാളിതുവരെ 13734 വായ്പക്കാർക്ക് ആനുകൂല്യം നൽകിയിട്ടുള്ളതിനാൽ വായ്പക്കാരുടെ പേരും സംഘത്തിന്റെ പേരും ഓരോ വായ്പക്കാർക്കും നൽകിയ തുക സംബന്ധിച്ച വിവരവും വേർതിരിച്ച് നൽകുന്നത് പ്രായോഗികമല്ല.

**സെക്ഷൻ ഓഫീസർ**